ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 13.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് ന്യൂഡൽഹിയിൽ സമാപനമാകും. പ്രതിരോധശേഷി, നൂതനാശയം, സഹകരണം തുടങ്ങിയ വിഷയങ്ങളിലെ ചർച്ചയിൽ ഇന്ന് ബ്രിക്സ് അംഗരാജ്യങ്ങൾ പങ്കെടുക്കും.

   **The BRICS summit concludes in New Delhi today; member nations will participate in discussions covering topics such as resilience, innovation, and cooperation.**

2. ബഹുമുഖവാദത്തിനുള്ള പ്രസക്തിയിൽ എല്ലാ ബ്രിക്സ് രാജ്യങ്ങളും ഒത്തൊരുമിച്ചാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi stated that all BRICS nations are united in their commitment to multilateralism.**

3. ബ്രിക്സ് ഉച്ചകോടിയിൽ ന്യൂഡൽഹി പ്രഖ്യാപനത്തിലെ സമവായത്തിൽ ഇന്ത്യയുടെ അധ്യക്ഷപദവിക്ക് പ്രത്യേക സ്ഥാനമുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.

   **The Ministry of External Affairs noted that India's presidency played a pivotal role in achieving the consensus reflected in the New Delhi Declaration at the BRICS summit.**

4. ഇന്ത്യ-ചൈന ബന്ധത്തെ തന്ത്രപരമായും ദീർഘവീക്ഷണത്തോടെയും സമീപിക്കണമെന്ന് ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗും.

**Prime Minister Narendra Modi and Chinese President Xi Jinping reiterated the need to approach India-China relations from a strategic and long-term perspective.**

5. **കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സമഗ്രമായ വൈദ്യുതി നയം രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.**

**Chief Minister V.D. Satheesan announced that a comprehensive power policy would be formulated to overcome the electricity crisis facing Kerala.**

6. **യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീടം എലീന റൈബാക്കിനയ്ക്ക്.**

**Elena Rybakina has won the US Open women's singles title.**

&&&&&&&&&&&&&&&&&&&&&&&&

## BRICS SUMMIT DAY 2 (INTRO)

ന്യൂഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്ക് ഇന്ന് സമാപനമാകും. രണ്ടു ദിവസത്തെ ഉച്ചകോടിക്ക് ഇന്നലെയാണ് ഭാരത് മണ്ഡപത്തിൽ തുടക്കമായത്. വിശദാംശങ്ങളിലേക്ക് ........... (വോയ്സ്)

## PBRICS SUMMIT DAY 2 (VOICE)

ഉച്ചകോടിയുടെ ആദ്യദിനം രാജ്യങ്ങൾ ന്യൂഡൽഹി പ്രഖ്യാപനം 2026 അംഗീകരിച്ചതിനോടൊപ്പം അന്താരാഷ്ട്ര തർക്കങ്ങളിൽ ചർച്ചകളിലൂടെ പരിഹാരം, പശ്ചിമേഷ്യൻ സംഘർഷം എന്നീ വിഷയങ്ങളിലും വിശദമായ ചർച്ചകൾ നടന്നു. ജമ്മു കാശ്മീരിൽ കഴിഞ്ഞ വർഷമുണ്ടായ ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച രാജ്യങ്ങൾ എല്ലാത്തരം ഭീകരവാദപ്രവർത്തനങ്ങളെയും ചെറുക്കുമെന്നും വ്യക്തമാക്കി. പ്രതിരോധശേഷി, നൂതനാശയം, സഹകരണം, സുസ്ഥിരത: എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആഗോള വളർച്ചയ്ക്കായി ഭാവി രൂപപ്പെടുത്തൽ' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചർച്ചയിൽ ഇന്ന് ബ്രിക്സ് അംഗരാജ്യങ്ങളും

പങ്കാളിത്ത രാജ്യങ്ങളും പങ്കെടുക്കും. സമ്മേളനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി കസാഖിസ്ഥാൻ, ഫിലിപ്പൈൻസ് , ഈജിപ്ത് , ദക്ഷിണാഫ്രിക്ക, ബുറുണ്ടി എന്നി രാജ്യങ്ങളുടെ രാഷ്ട്രത്തലവന്മാരുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. നാലാം തവണയാണ് ഇന്ത്യ ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നത്.

**ന്യൂസ്ഡെസ്ക് ആകാശവാണി ........**

&&&&&&&&&&&&&&&&&&&&&&&&&

## MEA BRIEFING – BRICS

ബ്രിക്സ് ഉച്ചകോടിയിൽ 'ന്യൂഡൽഹി പ്രഖ്യാപന'ത്തിൽ സമവായമുണ്ടായതിൽ ഇന്ത്യയുടെ അധ്യക്ഷപദവിക്ക് പ്രത്യേക സ്ഥാനമുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം. ഇന്ത്യയുടെ അധ്യക്ഷതയിൽ വിവിധ തലങ്ങളിൽ നടന്ന ഒരു വർഷം നീണ്ട ചർച്ചകളുടെയും ഇടപെടലുകളുടെയും ഫലമായാണ് സമവായമുണ്ടായതെന്നും മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ അധ്യക്ഷതയിലുള്ള പ്രവർത്തനങ്ങളുടെ സുപ്രധാന നേട്ടങ്ങളിലൊന്നാണ് ന്യൂഡൽഹി പ്രഖ്യാപനത്തിൻറെ അംഗീകാരമെന്ന് ഇ.ആർ. സെക്രട്ടറി സുധാകർ ദലേല ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇന്ത്യയുടെ അധ്യക്ഷതയ്ക്ക് നൽകിയ സഹകരണത്തിന് ബ്രിക്സ് രാജ്യങ്ങൾക്ക് നന്ദി അറിയിച്ച അദ്ദേഹം, പ്രായോഗികവും വികസനോന്മുഖവുമായ ഫലങ്ങൾ ലഭ്യമാക്കുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചുവെന്നും പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## BRICS GLOBAL GOVERNANCE (INTRO)

രാജ്യങ്ങൾ തങ്ങളുടെ ദേശീയ കാഴ്ചപ്പാടുകളെപ്പറ്റിയാണ് ഉച്ചകോടിയിൽ പരാമർശിച്ചതെങ്കിലും ബഹുമുഖവാദത്തിനുള്ള പ്രസക്തിയിൽ എല്ലാ ബ്രിക്സ് രാജ്യങ്ങളും ഒത്തൊരുമിച്ചാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള സംഘടനകളെ കൂടുതൽ പ്രതിനിധ്യമുള്ളതാക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നതിനൊപ്പം ഇന്നത്തെ യാഥാർഥ്യങ്ങളുമായി അവയെ

പൊരുത്തപ്പെടുത്തുന്നതിന് വലിയ പ്രാധാന്യമാണുള്ളതെന്നും ഉച്ചകോടിയെ അഭിസംബോധന ചെയ്യുകൊണ്ട് ശ്രീ മോദി വ്യക്തമാക്കി. (പി എം ഹോൾഡ്.....)

ആഗോള ഭരണ പരിഷ്കരണത്തിനായി 10 ഇന നിർദ്ദേശങ്ങളും പ്രധാനമന്ത്രി അവതരിപ്പിച്ചു. ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതി പരിഷ്കരിക്കുന്നത് ഇനി വൈകിക്കാനാവില്ലെന്ന് വ്യക്തമാക്കിയ പ്രധാനമന്ത്രി, സമയബന്ധിതമായ മാറ്റങ്ങൾ ആവശ്യപ്പെട്ടു. അടുത്ത 20 വർഷത്തേക്ക് ഉത്കൃഷ്ട ലക്ഷ്യങ്ങൾക്കായി ബ്രിക്സ് രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

**EVE PM BILATERALS**

ഇന്ത്യ-ചൈന ബന്ധത്തെ തന്ത്രപരമായും ദീർഘവീക്ഷണത്തോടെയും സമീപിക്കണമെന്ന് ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗും. ഇരുരാജ്യങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ തർക്കങ്ങളായി മാറാൻ അനുവദിക്കരുതെന്നും ന്യൂഡൽഹിയിൽ ബ്രിക്സ് ഉച്ചകോടിക്കിടെ നടന്ന കൂടിക്കാഴ്ചയിൽ ഇരുനേതാക്കളും ആവർത്തിച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ടിയാൻജിനിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം ഇന്ത്യ-ചൈന ഉഭയകക്ഷി ബന്ധത്തിലുണ്ടായ സ്ഥിരമായ പുരോഗതിയെ ഇരുനേതാക്കളും സ്വാഗതം ചെയ്തു. ഉഭയകക്ഷി ബന്ധങ്ങളുടെ തുടർവികസനത്തിന് അതിർത്തി പ്രദേശങ്ങളിലെ സമാധാനവും ശാന്തതയും അത്യന്താപേക്ഷിതമാണെന്ന് ശ്രീ മോദി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

**BRICS-DECLARATION-SPORTS**

കായിക-സാങ്കേതികവിദ്യ കർമസമിതി രൂപീകരണം, കായികോപകരണ നിർമാണ കോൺക്ലേവ് എന്നിങ്ങനെ ഇന്ത്യയുടെ രണ്ടു ശിപാർശകളും ബ്രിക്സ് ന്യൂഡൽഹി പ്രഖ്യാപനം അംഗീകരികരിച്ചു. സാമൂഹ്യ വികസനത്തിന്റെ സുപ്രധാന സൂചികയാണ് കായികമേഖലയെന്നു ചൂണ്ടിക്കാട്ടിയായിരുന്നു അംഗീകാരം.

&&&&&&&&&&&&&&&&&&&&&&&&

## GOYAL- MALAYSIA MEET

കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ മലേഷ്യയുടെ നിക്ഷേപ-വാണിജ്യ-വ്യവസായ മന്ത്രി ഡാറ്റുക് സെരി ജോഹാരി അബ്ദുൾ ഗനിയുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-മലേഷ്യ സാമ്പത്തിക പങ്കാളിത്തം ഇരു നേതാക്കളും അവലോകനം ചെയ്തു. വിവിധ മേഖലകളിൽ ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും വർദ്ധിപ്പിക്കുക, വിപണി സാധ്യത മെച്ചപ്പെടുത്തുക, വിതരണ ശൃംഖല ശക്തിപ്പെടുത്തുക എന്നിവ സംബന്ധിച്ച് ചർച്ച ചെയ്തതായി ശ്രീ ഗോയൽ സമൂഹമാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## MALAYSIA - PM

അഞ്ച് ദിവസത്തെ ഇന്ത്യൻ പര്യടനത്തിന്റെ ഭാഗമായി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് കോഴിക്കോട്ടെത്തും. വിമാനത്താവളത്തിൽ വൈകിട്ട് അഞ്ചരയ്ക്ക് മന്ത്രി ടി.സിദ്ദിഖ് അദ്ദേഹത്തെ സ്വീകരിക്കും. തുടർന്ന് കോഴിക്കോട് മർകസ് ക്യാമ്പസ് സന്ദർശിക്കും. സന്ദർശനത്തോടനുബന്ധിച്ച് കോഴിക്കോട് നഗരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. മുഖ്യമന്ത്രി, ഗവർണർ എന്നിവരുമായും മലേഷ്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&&&&&&&

## SHAH MUMBAI VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ മൂന്ന് ദിവസത്തെ മുംബൈ സന്ദർശനം പുരോഗമിക്കുന്നു. സന്ദർശനത്തിൻറെ ഭാഗമായി 'ദ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് മുംബൈ' പണ്ഡിതസഭ അദ്ദേഹം ഇന്ന് സന്ദർശിക്കും. ഹിന്ദി ഭാഷ കേന്ദ്രീകരിച്ചുള്ള അഖില ഭാരതീയ രാജഭാഷാ സമ്മേളനത്തിൻറെ ആറാം പതിപ്പിലും ബി.കെ.സി.യിലെ ഭാരത് ഡയമണ്ട് ബോഴ്സിൽ നടക്കുന്ന GJEPC അവാർഡ് ചടങ്ങിലും ശ്രീ ഷാ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&

## CM V.D SATHEESAN

കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയെ തളർച്ചയായി കാണാതെ സമഗ്രമായ വൈദ്യുതി നയവും പവർ മാനേജ്മെൻറും

രൂപീകരിക്കാനുള്ള അവസരമായാണ് സർക്കാർ കാണുന്നതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കൊച്ചിയിൽ കോറെൻ എനർജി എക്സ്പോ 2026 – എനർജി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വർധിച്ച വൈദ്യുതി ഉപയോഗവും അധിക ഊർജ്ജ ആവശ്യകതയും കണക്കിലെടുത്ത് ഒക്ടോബറിൽ പുതിയ ഉൗർജ്ജ നയം കൊണ്ടുവരുമെന്നും 2030-31ലെ ആവശ്യകത കണക്കിലെടുത്ത് ആധുനിക വൈദ്യുതി നയം നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## SWACHCH SAGAR – SURAKHSHIT SAGAR

സമുദ്ര മലിനീകരണം തടയേണ്ടതിന്റെ പ്രാധാന്യം ലക്ഷ്യമിട്ട് ദേശീയ തലത്തിൽ സംഘടിപ്പിക്കുന്ന "സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ – 2026" ജനകീയ യജ്ഞത്തിന് തുടക്കമായി. ഈ മാസം 19 വരെ നടക്കുന്ന യജ്ഞത്തിന്റെ ഭാഗമായി, കടലും തീരവും മാലിന്യമുക്തമായി സംരക്ഷിക്കണമെന്ന സന്ദേശവുമായി കൊച്ചി ക്വീൻസ് വേയിൽ വാക്കത്തൺ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## TENNIS – US OPEN

യുഎസ് ഓപ്പൺ വനിതാ സിംഗിൾസ് കിരീടം എലീന റൈബാക്കിനയ്ക്ക്. ഫൈനലിൽ അരീന സബലെങ്കയെ 6-4, 5-7, 6-2 എന്ന സ്കോറിനാണ് റൈബാക്കിന പരാജയപ്പെടുത്തിയത്. റൈബാക്കിനയുടെ ആദ്യ യുഎസ് ഓപ്പൺ കിരീടമാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് അലക്സാണ്ടർ സ്വെരേവ് ബെൻ ഷെൽട്ടനെ നേരിടും. ഇന്ത്യൻ സമയം രാത്രി 11:30-നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&

## T20 ASIA CUP

ടി20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് നിലവിലെ ചാമ്പ്യന്മാരായ ശ്രീലങ്കയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&

## IND-AFG T20I

ഇന്ത്യ-അഫ്ഗാനിസ്ഥാൻ പുരുഷ ട്വന്റി20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ഡൽഹിയിൽ തുടക്കമാകും. വൈകിട്ട് 7 മണിക്കാണ് മത്സരം. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&&&&&&&&&

## WOMEN JUNIOR ASIA CUP FINAL

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ആതിഥേയരായ ചൈനയെ നേരിടും. തുടർച്ചയായ മൂന്നാം കിരീടം ലക്ഷ്യമിട്ടാണ് ഇന്ത്യ കലാശപ്പോരാട്ടത്തിനിറങ്ങുന്നത്.

&&&&&&&&&&&&&&&&&&&&&&&&

## IRAQ-SAUDI PIPELINE-HOUTHI

സൗദി അറേബ്യയിലെ പ്രധാന എണ്ണ പൈപ്പ്ലൈനിന് നേരെയുണ്ടായ ഡ്രോൺ ആക്രമണങ്ങളെത്തുടർന്ന്, മൈസാൻ പ്രവിശ്യയിലെ സൈനിക ഓപ്പറേഷൻസ് കമാൻഡറെ ഇറാഖ് പുറത്താക്കി. ആക്രമണത്തിന് പിന്നാലെ എണ്ണ പൈപ്പ്ലൈൻ താൽക്കാലികമായി അടച്ചുപൂട്ടിയിരുന്നു. ഇറാനുമായുള്ള ഷാലംചെ അതിർത്തി പാത താൽക്കാലികമായി അടച്ചിടാൻ ഉത്തരവിട്ടതായും റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## NEPAL FLOOD TOLL

നേപ്പാളിലെ മിന്നൽ പ്രളയത്തെത്തുടർന്ന് മരിച്ചവരുടെ എണ്ണം 1386 ആയി ഉയർന്നു. ദുരന്തം ബാധിച്ച എട്ട് ജില്ലകളിൽ നിന്ന് കൂടുതൽ മൃതദേഹങ്ങൾ കണ്ടെടുത്തു. കണ്ടെടുത്ത മൃതദേഹങ്ങളിൽ 104 എണ്ണം തിരിച്ചറിയുകയും ബന്ധുക്കൾക്ക് കൈമാറുകയും ചെയ്തു. ഏകദേശം 5,130 പേരെ ഇനിയും കണ്ടെത്താനായിട്ടില്ലെന്നാണ് റിപ്പോർട്ട്. സുരക്ഷാ സേനയുടെ നേതൃത്വത്തിൽ തിരച്ചിലും രക്ഷാപ്രവർത്തനവും തുടരുകയാണ്.

&&&&&&&&&&&&&&&&&&&&&&&&

## AIIB

ഇന്ത്യയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും തമ്മിലുള്ള പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രമന്ത്രി നിർമല സീതാരാമൻ എ ഐ ഐ ബി പ്രസിഡന്റുമായി

കൂടിക്കാഴ്ച നടത്തി. ഇന്നലെ ന്യൂ ഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ ഇന്ത്യയുടെ അടിസ്ഥാനസൗകര്യവികസനം, സ്വകാര്യ മേഖല പങ്കാളിത്തം, ബാങ്കിന്റെ ആഗോളതലത്തിലെ സ്വാധീനം എന്നീ വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടന്നതായി ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&&&

**KANNUR - SCHOOL GAMES**

സംസ്ഥാന സ്കൂൾ ഗെയിംസ് ഗ്രൂപ്പ് വൺ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ ജില്ല ഒന്നാം സ്ഥാനത്ത് തുടരുന്നു. തിരുവനന്തപുരം രണ്ടാം സ്ഥാനത്തും കൊല്ലം മൂന്നാം സ്ഥാനത്തുമാണ്. ഗെയിംസിന്റെ ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് മന്ത്രി സണ്ണി ജോസഫ് കണ്ണൂർ മുണ്ടയാട്ട് നിർവഹിക്കും. ചൊവ്വാഴ്ച വരെ നടക്കുന്ന ഗെയിംസിൽ 2300 ഓളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&